അവിടെ പെരിയ വരമ്പുകൾ കെട്ടുന്നതിന് ഒരു പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ട് മൂന്നുവർഷത്തിലധികമായി. അതേ സംബന്ധിച്ച് വല്ല നടപടിയും എടുത്തിട്ടുണ്ടോ ; അടുത്ത വെള്ളപ്പൊക്കത്തിനു മുൻപെങ്കിലും അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിനു് ഇന്നു ബുദ്ധിമുട്ടുണ്ട്. എങ്കിലും ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്രത്യേകമായി പെടുത്തിയാൽ ഇതേ സംബന്ധിച്ച് എന്തു ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പരിശോധിച്ചുനോക്കാം.

ശ്രീ. ഈ. പി. ഗോപാലൻ : ഫ്ളഡ് കൺട്രോളിന്റെ കാര്യത്തിനു വേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട്, കണ്ണൂർ ജില്ലകളിലേക്കായി മാറ്റിവച്ചിട്ടുള്ള പണം അവിടങ്ങളിലേക്കുവേണ്ടി ചെലവഴിച്ചിട്ടില്ലെന്നും അതു് മറ്റു സ്ഥലത്തേക്കുവേണ്ടി മാറ്റി ചെലവാക്കിയെന്നും ഒരാക്ഷേപം കേൾക്കുന്നതു ശരിയാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെയൊരാക്ഷേപമുണ്ടാകാൻ വഴിയില്ല. നമ്മുടെ ഈ പദ്ധതിയിൽ കൊള്ളിക്കുന്നതായ പല പദ്ധതികളുടേയും പ്രവർത്തനം ധനദൌർല്ലഭ്യംകാരണം ഇപ്പോൾ തുടരാൻസാധിക്കാതിരിക്കുകയാണു്. കോഴിക്കോട്, കണ്ണൂർ ജില്ലകളെ സംബന്ധിച്ചുള്ള പ്രത്യേകമായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം എപ്പോഴും സെൻട്രലിന്റെ അനുവാദമില്ല, അനുവാദത്തിനു് എഴുതിയിട്ടുണ്ടു്, മറുപടി വരട്ടെ എന്നാണു് മറുപടി പറയുന്നതു്. ഈ സെൻട്രലിന്റെ അനുവാദമില്ലാതെ നമുക്കു് വല്ലതും ചെയ്യാൻ സാധിക്കുമോ, ചെയ്യുന്നതുകൊണ്ടും വല്ലതുമുണ്ടോ എന്നുള്ള കാര്യമെങ്കിലും ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : പ്ലാൻ തയ്യാറാക്കി അതനുസരിച്ചു് പ്രവൃത്തി നടത്തുമ്പോൾ ഇങ്ങനെ കുറേ വിഷമങ്ങളുണ്ടാകും. കേന്ദ്രഗവണ്മെൻറിൽനിന്നും ലോണോ ഗ്രാന്റോ കിട്ടേണ്ടതായ വകുപ്പുകളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായും അവരുടെ അനുവാദം വാങ്ങേണ്ടതായിവരും. നമുക്കുതന്നെ നടത്തുന്നതിനുള്ള റിസോഴ്സ് ഉണ്ടെങ്കിൽ അവരുടെ സമ്മതവും അംഗീകാരവുമില്ലാതെ നടത്താൻ സാധിക്കും, പക്ഷേ ഫ്ളഡ് കൺട്രോൾ വകുപ്പുകളെ സംബന്ധിച്ചിടത്തോളം വളരെയധികം വകുപ്പുകൾ നടത്തേണ്ടതായിട്ടുണ്ടു്. അതു മുഴുവനും സ്റ്റേറ്റു ഗവണ്മെൻറിനു് ഏറ്റെടുത്തു നടത്താനുള്ള റിസോഴ്സ് ഇല്ല. അതുകൊണ്ടാണു് സഹായം ആവശ്യപ്പെടുന്നതു്.

Mr. Speaker : Question No. 16 has already been answered. Next question.

നേഴ്സിംഗ് ട്രെയിനികളുടെനേരെ സാംബൽപൂർ റെയിൽവേസ്റ്റേഷനിൽവച്ചുണ്ടായ കൈയേറ്റം.

* 601. [17] * ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 7-12-1963-ൽ ഒറീസ്സായിലെ ബിർലാ മെഡിക്കൽ കോളേജിൽനിന്നും മടങ്ങുന്ന നേഴ്സിംഗ് ട്രെയിനികളുടെ നേരെ സാംബൽപൂർ റെയിൽവേസ്റ്റേഷനിൽവച്ചുണ്ടായ കൈയേറ്റത്തെപ്പറ്റി ആവലാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സംഭവത്തെപ്പറ്റി എന്തു നടപടി നടത്തി ;

(സി) കേരള ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടി ഒറീസ്സായിൽ പോയിട്ടുള്ള ഈ നേഴ്സിംഗ് ട്രെയിനികൾക്കു് ഇതുപോലുള്ള അനുഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ഒറീസ്സാ ഗവണ്മെൻറിനോടു് ആവശ്യപ്പെടുമോ ?

* Put by Shri R Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തിലേക്ക് ഒറീസ്സാ ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിക്കുകയും സമുചിതമായ നടപടി കൈക്കൊള്ളുവാൻ അപേക്ഷിക്കുകയും ചെയ്തു. കൂടാതെ ഭാവിയിൽ ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെടുകയും ചെയ്തു. ഒറീസ്സാ ഗവണ്മെൻറ് ഒരു പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. പി. വാസു : ഈ സംഭവത്തിന്റെ ശരിയായ വിവരം എന്താണെന്നറിഞ്ഞാൽക്കൊള്ളാം :

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഇതു സംബന്ധിച്ച് പത്ര റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇതു സ്റ്റേറിനു പുറത്തു നടന്നൊരു സംഭവമാണ്. ഈ സംഭവത്തെ സംബന്ധിച്ച് ഒറീസാ ഗവണ്മെൻറ് അന്വേഷിച്ചുകൊണ്ടിരിക്കുന്നതായി വിവരം അറിയിച്ചിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറികൾ.

* 602. [18] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഹോമിയോ ഡിസ്പെൻസറികളുണ്ട്; എവിടെയെല്ലാം ;

(ബി) 1963–64 വർഷത്തിൽ എത്രയെണ്ണം സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; എത്രയെണ്ണം തുടങ്ങി ;

(സി) ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേക വിഭാഗം തുടങ്ങാൻ ആലോചനയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു തീരുമാനമെടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) കേരളത്തിൽ ഇൻഡിജീനസ് മെഡിസിൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ 14 ഹോമിയോ ഡിസ്പെൻസറികളും രണ്ട് ഹോമിയോ ആശുപത്രികളുമുണ്ട്. വിശദവിവരങ്ങളടങ്ങിയ ഒരു സ്റ്റേറുമെൻറ് മേശപ്പുറത്തുവച്ചിട്ടുണ്ട്. *

(ബി) മൂന്നാംപഞ്ചവത്സരപദ്ധതിയിലെ ഓരോ വർഷവും നാലു ഹോമിയോ ഡിസ്പെൻസറികൾവീതം തുറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 1963–64 ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി തുകയൊന്നും കൊള്ളിച്ചിരുന്നില്ല. അതുകൊണ്ട് 1963–64–ൽ ഹോമിയോ ഡിസ്പെൻസറികളൊന്നും തുറന്നിട്ടില്ല.

(സി) ഹോമിയോപ്പതിക്ക് ഒരു പ്രത്യേക വിഭാഗം തുടങ്ങുന്നതിന് ഗവണ്മെൻറിനു ഇപ്പോഴും യാതൊരു പരിപാടിയുമില്ല. ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി എടുക്കേണ്ട നടപടികളെ സംബന്ധിച്ച് ഗവണ്മെൻറിനെ ഉപദേശിക്കാൻ ഒരു ആണറി അഡ്വൈസറെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly